# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3867    15.12.2014-ൽ മറുപടിയ്ക്ക്**

**<u>മാവോയിസ്റ്റ് സാന്നിദ്ധ്യം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം ആഭ്യന്തര വകുപ്പ് സ്ഥിരീകരിക്കുമ്പോഴും ഇത് സംബന്ധിച്ച് തെളിവൊന്നുമില്ലെന്ന സി.ആർ. പി.എഫ്. അധികൃതരുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മാവോയിസ്റ്റ് ആക്രമണങ്ങൾ ഓരോന്നും ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായി; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ? | (ബി) മാവോയിസ്റ്റു ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 27.10.20013 -ന്റെ കോഴിക്കോട് ചൂരണിമലയിൽ എസ്കവേറ്റർ കത്തിച്ചതിലേയ്ക്ക് തൊട്ടിൽപാലം പോലീസ് സ്റ്റേഷൻ ക്രൈം 460/2013.<br><br>2. 24.04.2014-ന്റെ വയനാട് വെള്ളമുണ്ടയിൽ പോലീസ് ഉദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തി യതിലേക്ക് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/14. ഇതിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്.<br><br>3. 10.11.2014-ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം നം.1599/14.<br><br>4. 18.11.2014-ന്റെ വയനാട് തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതുമായി ബന്ധപ്പെട്ട് തിരുനെല്ലി പോലീസ് സ്റ്റേഷൻ ക്രൈം നം. 507/2014.<br><br>5. 07.12.2014-ന് വയനാട് വെള്ളമുണ്ടയ്ക്കു സമീപം പോലീസ് പാർട്ടിക്കുനേരെ വെടിയുതിർത്തതുമായി ബന്ധപ്പെട്ട് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 507/2014. ഇതിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. |

മേല്പറഞ്ഞ 5 കേസുകളിൽ 460/2013 നമ്പർ കേസ് ക്രൈം ബ്രാഞ്ച്, ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗവും മറ്റ് എല്ലാ കേസുകളും ലോക്കൽ പോലീസും അന്വേഷിച്ചു വരുന്നു. എല്ലാ കേസുകളും അന്വേഷണാവസ്ഥയിലാണ്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ